## 285

അളവില്ലാ സ്നേഹം യേശുവിൻ സ്നേഹം മാത്രം!
അതിരില്ലാ സ്നേഹം കുരിശിലെ നിസ്തുല സ്നേഹം മാത്രം

1 പാപത്തിൻ പാതയിൽ ഞാൻ പോകുന്ന നേരത്തവൻ
ചാരത്തണഞ്ഞു ചോരചൊരിഞ്ഞു തൻ സ്വന്തമാക്കിയെന്നെയവൻ-

2 ആഴിയുമാകാശവും ഊഴിയും നിർമ്മിച്ചവൻ
പാപിയാമെന്നെ സ്നേഹിച്ചു ക്രൂശിൽ പ്രാണനും തന്നു രക്ഷിച്ചല്ലോ!

3 വീഴ്ചകൾ ജീവിതത്തിൽ വന്നാലും കൈവിടാതെ
രക്ഷകൻ കാത്തു നിത്യവുമെന്നെ താങ്ങി നടത്തും അത്ഭുതമായ്-

4 തൻ സനേഹബന്ധത്തിൽ നിന്നെന്നെ പിൻതിരിക്കുവാൻ
ആപത്തോ! വാളോ! മൃത്യുവിനാലോ! സാദ്ധ്യമല്ലെന്നും നിശ്ചയമായ്-

5 നാളുകൾ തീർന്നിടുമ്പോൾ നാഥനെ ക ിടുമ്പോൾ
തൻസ്നേഹഭാരം തിങ്ങിയെന്നുള്ളിൽ
തൃപ്പാദേ വീണു ചുംബിക്കും ഞാൻ- **G.P.**